(ബി) സെക്ഷൻ ഓഫീസുകളിൽ ജീപ്പില്ലാത്ത സാഹചര്യം സാധാരണ ഉണ്ടാകാറില്ല. വാഹനങ്ങളുടെ അഭാവംമൂലം ജോലിക്ക് തടസ്സം ഉണ്ടാകാതിരിക്കാൻ എല്ലാ സബ് ഡിവിഷൻ ഓഫീസുകളിലും ബോർഡ് ജീപ്പോ, വാടക ജീപ്പോ ഏർപ്പെടുത്തിയിട്ടുണ്ട്. ജീപ്പിന്റെ അഭാവത്തിൽ അടിയന്തര സാഹചര്യത്തിൽ വാഹനം വാടകയ്ക്ക് എടുത്ത് ജോലി നിർവ്വഹിക്കാറുണ്ട്.

(സി) പ്രസക്തമല്ല.

കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനിയുമായി ബോർഡ് ഒപ്പുവച്ച കരാർ

115 (3915) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനാവശ്യമായ മീറ്ററുകൾ സപ്ലൈ ചെയ്യുന്നതിന് കൊല്ലത്തെ യുണൈറ്റഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനിയുമായി ബോർഡ് എന്തെങ്കിലും കരാറിൽ ഒപ്പ് വച്ചിട്ടുണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കരാർ റദ്ദുചെയ്യുകയുണ്ടായോ ; എങ്കിൽ കാരണമെന്തെന്ന് വിശദമാക്കാമോ ;

(സി) ബോർഡ് മെക്കാനിക്കൽ ഹൗസ് സർവ്വീസ് മീറ്ററിന് പകരം ഇലക്ട്രോണിക് മീറ്റർ ഉപയോഗിച്ചാൽ മതി എന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) മെക്കാനിക്കൽ മീറ്റർ ഉപക്ഷേിച്ച് ഇലക്ട്രോണിക് മീറ്ററുകളിലേക്ക് മാറിയ മറ്റ് സംസ്ഥാന വൈദ്യുതി ബോർഡുകളേയും വീണ്ടും മെക്കാനിക്കാൽ മീറ്ററുകൾ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പൊതുമേഖലാ സ്ഥാപനമായ കൊല്ലത്തെ മീറ്റർ കമ്പനിയുമായി ഉണ്ടായിരുന്ന കരാർ പുനഃസ്ഥാപിച്ച് മെക്കാനിക്കൽ മീറ്ററുകൾ ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇലക്ട്രിസിറ്റി ബോർഡിനാവശ്യമായ മീറ്ററുകൾ സപ്ലൈ ചെയ്യുന്നതിന് കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന മീറ്റർ കമ്പനിയുമായി ബോർഡ് കരാറിൽ ഒപ്പുവച്ചിട്ടില്ല. എന്നാൽ 3/2001 മുതൽ 2/2004 വരെ മൂന്ന് വർഷത്തേക്ക് 520 രൂപ നിരക്കിൽ, റേറ്റ് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ സിംഗിൾ ഫേസ് മെക്കാനിക്കൽ മീറ്ററുകൾ സപ്ലൈ ചെയ്യുന്നതിന് 3-3-2001-ൽ ബോർഡ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഉത്തരവ് പ്രകാരം 60,000 മീറ്ററുകൾ 31-5-2001-ന് മുൻപ് നൽകുന്നതിനുള്ള ഒരു ഓർഡർ നൽകുകയും അതിന് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള വിവിധ ബോർഡ് ഉത്തരവുകൾ പ്രകാരം 31-12-2002 വരെ മൊത്തം 5,15,000 മെക്കാനിക്കൽ മീറ്ററുകൾ കൊല്ലം കമ്പനിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. കൂടാതെ 7/2003 മുതൽ മാസം തോറും 20,000 എണ്ണം വച്ച് 2,40,000 സിംഗിൾ ഫേസ് ഇലക്ട്രോണിക് മീറ്ററുകൾ നൽകുന്നതിനുള്ള ഒരു ഓർഡർ ഈ കമ്പനിക്ക് 23-6-2003-ൽ നൽകിയിട്ടുണ്ട്. ഈ ഓർഡറിന്റെ കാലാവധി 30-6-2004 വരെയുണ്ട്.

(സി) ബോർഡിന് വായ്പകൾ നൽകുന്ന ധനകാര്യ സ്ഥാപനങ്ങൾ മെക്കാനിക്കൽ മീറ്ററുകൾക്ക് പകരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിക്കാറുണ്ട്. ആ.ഇ.സി.യും, എ.പി.ഡി.ആർ.പി.-യും ഇപ്രകാരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ കാരണങ്ങളാൽ ബോർഡ് ഇപ്പോൾ മെക്കാനിക്കൽ മീറ്ററുകൾ വാങ്ങുന്നില്ല.

(ഡി) ഇല്ല.

(ഇ) പ്രസക്തമല്ല.

ഉൽപ്പാദന മേഖലയിൽ സ്വകാര്യ പങ്കാളിത്തം

116 (3916) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനമേഖലയിൽ സ്വകാര്യ പങ്കാളിത്തം അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ബി.എസ്.ഇ.എസ്-ൽ നിന്നും സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി വിലയ്ക്ക് വാങ്ങുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതലാണ് വൈദ്യുതി വാങ്ങിത്തുടങ്ങിയതെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിൽ ഏതെങ്കിലും പ്രദേശത്ത് വൈദ്യുതി വിതരണം നടത്തുന്നതിന് ബി.എസ്.ഇ.എസ് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) ബി.എസ്.ഇ.എസ്-ന് വൈദ്യുതി ഉൽപ്പാദനത്തിൽ വരുന്ന ചെലവ് എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 6-6-1999 മുതൽ.

(സി&ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly